# കേരളസർവകലാശാല

നം.പി.ആർ.202/2023 തിരുവനന്തപുരം, തീയതി: 04/10/2023

## പത്രക്കുറിപ്പ്

## പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ ഒന്നാം സെമസ്റ്റർ (സപ്ലിമെന്ററി - 2020 സ്കീം - 2020 & 2021 അഡ്മിഷൻ) ഒക്ടോബർ 2023 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി./ ബി.കോം.(ന്യൂ ജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രോഗ്രാമുകൾ) (2022 അഡ്മിഷൻ - റെഗുലർ - 2021 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2020 അഡ്മിഷൻ - സപ്ലിമെന്ററി) ഒക്ടോബർ 2023 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ ഒക്ടോബർ 16 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 19 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 21 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/വൈവ വോസി

കേരളസർവകലാശാലയുടെ ആറ്, നാല് സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്) സെപ്റ്റംബർ 2023, ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ 9, 16 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബാച്ചിലർ ഓഫ് സോഷ്യൽ വർക്ക് (ബി.എസ്.ഡബ്ല്യൂ.) (315) പരീക്ഷയുടെ വൈവാ-വോസി 2023 ഒക്ടോബർ 10 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ജൂലൈയിൽ നടത്തിയ എം.എസ്സി. കമ്പ്യൂട്ടർ സയൻസ് (2021-2023), എം.എസ്സി. കമ്പ്യൂട്ടർ സയൻസ് (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) (2021-2023) സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ./ബി.എസ്സി. ന്യൂജനറേഷൻ ഡബിൾ മെയിൻ (2021 അഡ്മിഷൻ - റെഗുലർ/2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 2023 ഒക്ടോബർ 15 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഒക്ടോബർ 26 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.വി.എ. (പെയിന്റിംഗ്) പരീക്ഷയ്ക്ക് പിഴകൂടാതെ 2023 ഒക്ടോബർ 12 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 17 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് കോഴ്സിന്റെ (2013 സ്കീം), സെപ്റ്റംബർ 2023 പരീക്ഷാ രജിസ്ട്രേഷൻ 2023 ഒക്ടോബർ 5 ന് ആരംഭിക്കുന്നു. പിഴകൂടാതെ ഒക്ടോബർ 12 വരെയും 150 രൂപ പിഴയോടെ ഒക്ടോബർ 17 വരെയും 400 രൂപ പിഴയോടെ ഒക്ടോബർ 19 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി സപ്ലിമെന്ററി പരീക്ഷ (2008 സ്കീം, 2013 സ്കീം) പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾ ടിക്കറ്റുമായി 2023 ഒക്ടോബർ 5 മുതൽ 7 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ.VII (ഏഴ്) സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## പുതുക്കിയ പരീക്ഷാത്തീയതി

കേരളസർവകലാശാല 2023 ഒക്ടോബർ 4 ന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ പരീക്ഷകളുടെ പുതുക്കിയ തീയതി വെബ്സൈറ്റിൽ ലഭ്യമാണ്. പരീക്ഷാ കേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല.

## പിഎച്ച്.ഡി നൽകി

ശ്രീമതി. സിത്താര വി., ശ്രീമതി. ജെസ്സി ജോർജ്ജ് (മ്യൂസിക്), ശ്രീമതി. അശ്വതി യു. (കൊമേഴ്സ്), ശ്രീമതി. മേരി സി., ശ്രീമതി. ബീന ബി. ചന്ദ്രൻ (മലയാളം), ശ്രീ. അശ്വിൻ പി.എം., ശ്രീമതി. അശ്വതി ഗോപിനാഥ് (സംസ്കൃതം), ശ്രീമതി. മുഹ്സിന താഹ (അറബിക്), ശ്രീമതി. ദിവ്യ ശശിധരൻ നായർ (എജ്യൂക്കേഷൻ), ശ്രീമതി. റ്റീന ജേക്കബ് ചിറയിൽ (ബയോടെക്നോളജി), ശ്രീമതി. ഷിലുജാസ് എം., ശ്രീമതി. അൽഫോൺസാ ജോസഫ് (സോഷ്യോളജി), ശ്രീമതി. റിനി റേച്ചൽ എബ്രഹാം (പൊളിറ്റിക്കൽ സയൻസ്), ശ്രീമതി. അമൃതകൃഷ്ണൻ ബി. (ഫിസിക്സ്), ശ്രീമതി. പ്രിയദർശിനി ജെ. (ഇക്കണോമിക്സ്), ശ്രീമതി. ഭാഗ്യലക്ഷ്മി വേണുഗോപാൽ

(അക്വാട്ടിക് ബയോളജി ആന്റ് ഫിഷറീസ്) എന്നിവർക്ക് കേരളസർവകലാശാല 2023 ഒക്ടോബർ 4 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ പിഎച്ച്.ഡി. നൽകി.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**